**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണവകുപ്പ് - കിളിമാനൂർ ഗ്രാമപഞ്ചായത്ത് - ഇ.എം.എസ് ഭവന പദ്ധതി - കരാറിൽ ഏർപ്പെട്ട ഗുണഭോക്താവിന്റെ വസ്തുവിൽ നിന്നും 5 സെന്റ് സ്ഥലത്തിന്മേലുള്ള ബാദ്ധ്യത ഒഴിവാക്കി നൽകുന്നതിന് അനുമതി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

================================================================================

**തദ്ദേശ സ്വയംഭരണ (ഡി.ബി) വകുപ്പ്**

**സ.ഉ(സാധാ) നം.2505/2018/തസ്വഭവ തിരുവനന്തപുരം, തീയതി, 26.09.2018**

================================================================================

**പരാമർശം:**-1) ശ്രീമതി.കുഞ്ഞുലക്ഷ്മിയമ്മ, മകൾ ലീല എന്നിവരുടെ 22/06/2018 ലെ അപേക്ഷ
2) പഞ്ചായത്ത് ഡയറക്ടറുടെ 01/09/2018 തീയതിയിലെ PAN/22053/2018-J2(DP) നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

കിളിമാനൂർ ഗ്രാമപഞ്ചായത്തിൽ 2009-2010 സാമ്പത്തിക വർഷത്തിൽ ഇ.എം.എസ് ഭവന പദ്ധതി ആനുകൂല്യം ലഭ്യമായ ശ്രീമതി.കുഞ്ഞുലക്ഷ്മി മകൾ ലീല എന്നിവർക്ക് കരാറിൽ ഏർപ്പെട്ട 18 സെന്റ് സ്ഥലത്ത് നിന്നും വീട് സ്ഥിതി ചെയ്യുന്നത് ഒഴിവാക്കി 5 സെന്റ് സ്ഥലം ചികിത്സാർത്ഥം വിൽക്കുന്നതിലേയ്ക്കായി 5 സെന്റ് സ്ഥലത്തിന്റെ ബാധ്യത ഒഴിവാക്കി നൽകണമെന്ന് പരാമർശം (1) പ്രകാരം പഞ്ചായത്ത് സെക്രട്ടറി മുഖേന ശ്രീമതി.കുഞ്ഞുലക്ഷ്മി അപേക്ഷ സമർപ്പിച്ചിട്ടുണ്ടെന്നും ടി വിഷയത്തിൽ പഞ്ചായത്ത് കമ്മിറ്റി അനുകൂല തീരുമാനം കൈക്കൊള്ളുകയും നിർവ്വഹണോദ്യോഗസ്ഥനായ വി.ഇ.ഒ, പഞ്ചായത്ത് സെക്രട്ടറി എന്നിവരുടെ റിപ്പോർട്ടിൽ 5 സെന്റ് സ്ഥലത്തിന്റെ ബാധ്യത ഒഴിവാക്കി നൽകാവുന്നതാണെന്ന് സൂചിപ്പിച്ചിട്ടുണ്ട് എന്നും ടി സാഹചര്യത്തിൽ ശ്രീമതി കുഞ്ഞുലക്ഷ്മി മകൾ ലീല എന്നിവരുടെ ഉടമസ്ഥതയിലുള്ള 18 സെന്റ് സ്ഥലത്തിൽ വീട് വീട് സ്ഥിതി ചെയ്യുന്നത് ഉൾപ്പടെയുള്ള 13 സെന്റ് സ്ഥലം മാറ്റി നിർത്തി ബാക്കി തെക്ക് ഭാഗത്തുള്ള 5 സെന്റ് സ്ഥലം ചികിത്സാർത്ഥം വിൽപ്പന നടത്തുന്നതിലേയ്ക്കായ് 5 സെന്റ് സ്ഥലത്തിന്റെ ബാധ്യത ഒഴിവാക്കി നൽകാവുന്നതാണെന്നും പരാമർശം (2) പ്രകാരം പഞ്ചായത്ത് ഡയറക്ടർ ശുപാർശ ചെയ്യുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. പഞ്ചായത്ത് ഡയറക്ടറുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ കിളിമാനൂർ ഗ്രാമ പഞ്ചായത്തിൽ 2009-2010 സാമ്പത്തിക വർഷത്തിൽ ഇ.എം.എസ് ഭവന പദ്ധതി ആനുകൂല്യം ലഭ്യമായ ശ്രീമതി കുഞ്ഞുലക്ഷ്മി, മകൾ ലീല എന്നിവർക്ക് കരാറിൽ ഏർപ്പെട്ട 18 സെന്റ് സ്ഥലത്ത് നിന്നും വീട് സ്ഥിതി ചെയ്യുന്നത് ഉൾപ്പടെയുള്ള 13 സെന്റ് സ്ഥലം മാറ്റി നിർത്തി ബാക്കി തെക്ക് ഭാഗത്തുള്ള 5 സെന്റ് സ്ഥലം ചികിത്സാർത്ഥം വിൽക്കുന്നതിലേയ്ക്കായി 5 സെന്റ് സ്ഥലത്തിന്റെ ബാദ്ധ്യത

ഒഴിവാക്കി നൽകുന്നതിന് കിളിമാനൂർ പഞ്ചായത്തിന് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
**പാറ്റ് സി സ്റ്റീഫൻ**
**ജോയിന്റ് സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
കിളിമാനൂർ ഗ്രാമ പഞ്ചായത്ത് സെക്രട്ടറി
ശ്രീമതി കുഞ്ഞുലക്ഷ്മി അമ്മ, ലീല(കിളിമാനൂർ ഗ്രാമ പഞ്ചായത്ത് സെക്രട്ടറി മുഖാന്തിരം)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരളം തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം
കരുതൽ ഫയൽ/ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ

പകർപ്പ്:- തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പിഎ യ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ പിഎ യ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പിഎ യ്ക്ക്